മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകൾ

24 (1846) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ഘട്ടം, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര അപേക്ഷകളിൻമേൽ തത്സമയം തീരുമാനമെടുത്തു, എത്ര അപേക്ഷകളിൽ പിന്നീട് ഇതുവരെ തീരുമാനമെടുത്തു എന്ന് ഘട്ടം, ജില്ല എന്നിവ തിരിച്ച് വിശദമാക്കാമോ ;

(സി) ജനസമ്പർക്ക പരിപാടികളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമുള്ള ധനസഹായത്തിന് എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും, അതിൽ തത്സമയം തുക അനുവദിച്ചവയും, പിന്നീട് അനുവദിച്ചവയും, ഇനിയും അനുവദിക്കാനുള്ളവയും ജില്ല, ഘട്ടം, എണ്ണം എന്നിവ തിരിച്ച് വിശദമാക്കാമോ ;

(ഡി) ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷയിൻമേൽ ഇനിയും തീർപ്പ് കൽപ്പിക്കാത്ത എത്ര അപേക്ഷകളാണ് ഉള്ളതെന്ന് ജില്ലതിരിച്ച് പറയാമോ;

(ഇ) ഇവ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു. *

(ബി) തത്സമയം തീരുമാനമെടുത്തതും പിന്നീട് ഇതുവരെയും തീരുമാന മെടുത്തതുമായ അപേക്ഷകളുടെ വിവരം വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഘട്ടത്തിലും മൊത്തത്തിൽ തീർപ്പാക്കിയ അപേക്ഷകളുടെ വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധം 2-ൽ* ചേർത്തിരിക്കുന്നു.

(സി) ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളിൽ ധനസഹായത്തിനുള്ളവയിൽ മാനദണ്ഡമനുസരിച്ചുള്ള സർട്ടിഫിക്കറ്റുകളും മറ്റനുബന്ധ രേഖകളും ലഭ്യമാക്കിയ അപേക്ഷകളിൽ അർഹതപ്പെട്ടവയ്ക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. തത്സമയവും പിന്നീടും ധനസഹായം അനുവദിച്ച അപേക്ഷകളുടെ വിവരങ്ങൾ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഘട്ടത്തിലും മൊത്തത്തിൽ ധനസഹായം അനുവദിച്ച അപേക്ഷകളുടെ വിവരങ്ങൾ അനുബന്ധം 3* ആയി ചേർക്കുന്നു. മിക്കവാറും എല്ലാ ജില്ലകളിലും ഒന്നും രണ്ടും ഘട്ടങ്ങളിൽ ധനസഹായത്തിനായുള്ള അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുള്ളതാണ്. മൂന്നാം ഘട്ടത്തിൽ തീർപ്പാക്കാനായി അവശേഷിക്കുന്ന അപേക്ഷകളിൽ ധനസഹായത്തി നുള്ളവയുടെ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/240/2020-13

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനുബന്ധം 4-ൽ *ചേർക്കുന്നു.

(ഇ) ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ മാനദണ്ഡമനുസരിച്ചുള്ള സർട്ടിഫിക്കറ്റുകൾ ഉൾപ്പടക്കം ചെയ്യാത്ത അപേക്ഷകൾ, കോടതി കേസ്സുകൾ, റീ-സർവ്വേയുമായി ബന്ധപ്പെട്ട കേസ്സുകൾ, മെഡിക്കൽ സർട്ടിഫിക്കറ്റുകളും അനുബന്ധരേഖകളും ഹാജരാക്കാത്ത അപേക്ഷകൾ എന്നിവ ഉൾപ്പെടുന്നതിനാലാണ് തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത്.

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം

25 (1847) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിൽ 2015 ഏപ്രിൽ മുതൽ 2015 ഒക്ടോബർ 31 വരെ അസിസ്റ്റന്റ് മുതൽ മുകളിലോട്ട് എത്ര ജീവനക്കാർ പെൻഷനായിട്ടുണ്ട്. ജീവനക്കാരുടെ വിരമിക്കൽ, പ്രൈമോഷൻ എന്നിവ കാരണം പ്രസ്തുത കാലഘട്ടത്തിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ എത്ര തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്തിട്ടുള്ള ഫയൽ നമ്പരും തീയതിയും വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ അസിസ്റ്റന്റ് നിയമന ഒഴിവുകൾ ഒഴിച്ചിടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ടി കാലയളവിൽ സെക്രട്ടറിയേറ്റിൽനിന്നും എത്ര ജീവനക്കാർ ഡെപ്യൂട്ടേഷനിൽ മറ്റ് വകുപ്പുകളിലേക്ക് പോയിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ ഒഴിച്ചിടാൻ തീരുമാനിച്ചിട്ടുണ്ടോ ; നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നൽകാമോ ?

ഉത്തരം

(എ) പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ മൂന്നുപേരും സെക്ഷൻ ഓഫീസർ തസ്തികയിൽ എട്ട് പേരും അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ 51 പേരും ഉൾപ്പെടെ മൊത്തം 62 പേർ വിരമിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് മുതൽ മുകളിലേയ്ക്കുള്ള തസ്തികയിൽ 17 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ്മുതൽ മുകളിലേയ്ക്ക് 14 ജീവനക്കാർ വിരമിച്ചിട്ടുണ്ട്.

പൊതുഭരണ വകുപ്പിൽ വിരമിക്കൽ മുഖേന അസിസ്റ്റന്റ് തസ്തികയിൽ 50 വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിരമിക്കൽ മുഖേന അസിസ്റ്റന്റ് തസ്തികയിലുണ്ടായ 24 വേക്കൻസികൾ 28-2-2015-ലെ 63215/ എസ്.എ.2/2014/ പൊ.ഭ.വ നമ്പർ കത്ത് മുഖേന ആന്റിസിപ്പേറ്ററിയായി റിപ്പോർട്ട് ചെയ്തിരുന്നു. 2 വേക്കൻസികൾകൂടി പിന്നീട് 13-7-2015-ലെ 46023/എസ്.എ 2/2015/പൊ.ഭ.വ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly